**13-ാം കേരള നിയമസഭ**
**12-ാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3256 — 11-12-2014 ൽ മറുപടിക്ക്

**ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി. എം. എൽ. എ | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം പരിഗണനയിലുണ്ടോ?<br><br>(ബി) ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദീകരിക്കുമോ?<br><br>(സി) ആയതിന് എത്ര തുക നീക്കി വെച്ചിട്ടുണ്ട്?<br><br>(ഡി) ഇതിൽ ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിന് എത്രതുക നീക്കി വെച്ചിട്ടുണ്ട്? | ദേശീയപാത വികസന പദ്ധതിയിൽപ്പെട്ട എൻ.എച്ച്-47ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ ആറ്റിങ്ങൽ ബൈപ്പാസും ഉൾപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ഈ ഭാഗത്തെ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെവിടുവിച്ച സാഹചര്യത്തിൽ പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. ഈ തീരുമാനം പുനഃപരിശോധിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) ഭൂമി അക്വയർ ചെയ്യൽ നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ? | ദേശീയ പാത-47 ലെ ഓച്ചിറ മുതൽ കഴക്കൂട്ടം വരെ നാലുവരിപ്പാതയാക്കുന്നതിനുള്ള സ്ഥലമെടുപ്പിനുള്ള വിജ്ഞാപനത്തിൽ ആറ്റിങ്ങൽ ബൈപ്പാസും ഉൾപ്പെട്ടിരുന്നു. എന്നാൽ ഇതുസംബന്ധിച്ച വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ട അവസ്ഥയാണ്. മാത്രമല്ല, ദേശീയപാത അതോറിറ്റി ഈ വികസന പദ്ധതിയിൽ നിന്നും പിന്മാറിയിട്ടുമുണ്ട്. |

Sd/-
സെക്ഷൻ ഓഫീസർ.